# ഉപാസന



സെന്റ് മൈക്കിൾസ് തത്തംപള്ളി

# ഉപാസന

## ഡിജിറ്റൽ മാഗസിൻ

*2019-2020*

## സെന്റ്.മൈക്കിൾസ് ഹൈ സ്ക്രൂൾ,തത്തംപള്ളി ,ആലപ്പുഴ

## ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം

# OUR PATRON SAINT



# ST MICHAEL
# THE ARCHANGEL

# സമർപ്പണം

## നിത്യതേജസ്സിന്റെ പ്രതിഫലനമാണ് ജ്ഞാനം

## (ജ്ഞാനം 6:26)

സർഗ്ഗാത്മകതയുടെ മയിൽപ്പീലിത്തണ്ടുകൾ
മനസ്സിന്റെ മണിക്കോവിലിൽ
പൂജിക്കുന്ന ഏവർക്കുമായ്.......................................



# മുഖമൊഴി

സർഗശേഷിയുടെ അഗ്നിനാളത്തെ ജ്വലിപ്പിക്കാൻ, ചിന്തയുടെ തലങ്ങളെ ദീപ്തമാക്കി ഉയർന്നുവന്ന ദിവ്യകിരണങ്ങളുടെ വചസ്സുകളാണീ "ഉപാസന".കുരുന്നുകളുടെ മനസ്സിൽ ചേക്കേറിയ അക്ഷരപ്പക്ഷികൾ, സർഗ്ഗാത്മകതയുടെ ചിറകിലേറി കഥയായും കവിതയായും ................

അനന്ത തമസ്സിൽ വിരാജിക്കുന്ന കാലം കോറിയിട്ട വാക്കുകളിലൂടെയും വരകളിലൂടെയും മൂല്യച്യുതിയുടെ കെട്ടുകാഴ്ച്ചക്കു നേരേ അനുവാചകരുടെ ഉള്ള് കൊളുത്തിവലിക്കുവാൻ സാഹിതിക്കു കഴിയുമെന്ന് വിശ്വസിക്കുന്നു .കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന ആർഷധർമ്മങ്ങൾക്ക് നവജീവൻ നൽകാനുള്ള ഒരു ശ്രമമാണിവിടെ . മനഃശക്തിയിലൂടെ ഞങ്ങളുടെ ഹൃദയവീചികളിൽ നിന്ന് ഉയർന്നുവന്ന ഈ അക്ഷരക്കൂട്ടങ്ങൾക്ക് മനുഷ്യനേയും പ്രകൃതിയേയും കുറിച്ച് "ഒരു തിരിച്ചറിവ് "നല്കാൻ സാധിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ ............

കാലത്തിന്റെ കുത്തൊഴുക്കിൽ, ആധുനികതയുടെ മറവിൽ വിസ്മൃതമാക്കപ്പെടുന്ന നമ്മുടെ മഹനീയ പൈതൃക സാംസ്കാരിക മൂല്യങ്ങളെ പുനഃപ്രതിഷ്ഠിക്കുവാനും കാലികമായ നവ്യാനുഭവങ്ങൾ വിളക്കിച്ചേർത്തുകൊണ്ടു വായനക്കാരെ സർഗ്ഗശേഷിയുടെ അനാഥ സാധ്യതകളിലേക്ക് ആനയിക്കുവാനും ഉപാസനക്കു കഴിഞ്ഞാൽ ഈ എളിയ ശ്രമം സഫലമായി ...........

നമുക്കൊന്നു ചേർന്ന് ഈ യാത്ര തുടരാം.....

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ക്രിസ്റ്റിൻ അലക്സ്

ബോർഡ് അംഗങ്ങൾ : ഹേമന്ത് കൃഷ്ണ കെ .എ

എബി വർഗ്ഗീസ്

ആദിത്യൻ ബി

ജോസഫ് ഷാജി

ഡിക്സൻ റെജി

മുഹമ്മദ് സാബിത്ത്

അനുജിത്ത് രമേശ്

ഉപദേശ സമിതി : ശ്രീമതി ജെയ്സി ട്രീസാ ജോർജ്ജ്

ശ്രീമതി ഡയ്സി സെബാസ്റ്റ്യൻ

ശ്രീമതി അന്നമ്മ സേവ്യർ

# ആശംസ



ഒരുവനിലെ സർഗ്ഗവാസനകളെ
പുറത്തുകൊണ്ടുവരുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം . ഓരോ കുട്ടിയും അറിവിന്റെയും സർഗ്ഗവാസനകളുടെയും നിധികുംഭങ്ങളാണ്. അവയെ ക്രിയാത്മകമായി പ്രയോജനപ്പെടുത്തി ഈ സ്കൂളിലെ കുട്ടികൾ തയാറാക്കിയിരിക്കുന്ന ഉപാസന എന്ന കൈയാഴുത്തുമാസിക ഏറെ അഭിനന്ദനീയമാണ് ഈ സംരംഭം കൃത്യതയോടു നിർവ്വഹിക്കുകയും അതിനായി വിവിധ സാഹിത്യരചനകൾ നൽകുകയും ചെയതു ഇതിന്റെ എല്ലാ അണിയറ പ്രവർത്തകർക്കും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം

*ഫാ. റോജി വലയിൽ*

(ഹെഡ് മാസ്റ്റർ)

## താളുകൾ മറിയുമ്പോൾ

പ്രളയാനന്തരം....13
കവിത....13
എന്റെ ആലപ്പുഴ....16
വർണ്ണന....16
ഞാൻ മേശ....17
അറബികഥ....17
....17
....17
സദാചാരമൂല്യങ്ങളും അധുനികതലമുറയും....19
ലേഖനം....19
പ്രളയം....21
അനുഭവക്കുറിപ്പ്....21
മനസ്സിന്റെ കണിയായ്....23
23.03.2019 ഡയറിക്കുറിപ്പ്....23
പഠിക്കാം ആരോഗ്യത്തോടെ....24
ആരോഗ്യ ശീലങ്ങൾ....24
മണ്ണാത്തിപ്പുള്ള് [MAGPIE ROBIN]....26
പക്ഷി പരിചയം....26
ബഷീർ എന്ന ബല്യ ഒന്ന്....27
അസ്വാദനക്കുറിപ്പ്....27
അർച്ചനപ്പൂക്കൾ....31
ഗണിതകവിത....31
ഓവി....33
കവിത....33
മുദ്രാഗീതം....35

കവിത....35

കാറ്റിന്റെ നാദം....36

കവിത....36

കിനാവ്....38

കവിത....38

THE TRICOLOR....42

POEM....42

THE PRECIOUS GIFT....43

POEM....43

The star of the day....44

STORY....44

My Teacher My light....45

POEM....45

GLOBAL WARMING....46

[RHYME]....46

FUN TIME....47

JOKES....47

THE ANT AND THE DOVE....48

STORY....48

THE FOOLISH DOE....49

FABLE....49






# മലയാള വിഭാഗം

# പ്രളയാനന്തരം

കവിത




ആസ്വാദനത്തിനായെത്തുന്ന മാളോർക്ക്
നിറകണിയായ് മേവിടുന്നെൻ കേരളത്തിന്റെ
ദിശമാറ്റിമാറിച്ചൊരാ പ്രളയകാലത്തിൻ
ഭീതീതമാമോർമക്കളെന്നിലൊരു
ദുഃസ്വപ്നമായ് മേവിടുന്നിന്നുമെൻ മാനസേ
കൊടുംവേനലിൻ നാട്ടുരുകുന്നൊരീ വേളയിലും

പണ്ഡിത പമരഭേദമെന്നിയേ
കുബേര കുചേര ഭാവമെന്നിയേ
ഒറ്റക്കുടകികീഴിലൊത്തുചേർന്നപ്പൊഴാ-
ണന്തരമേതുമില്ലാത്തവർ തങ്ങളെ
ന്നുള്ളൊരു ചിന്തയിതാദ്യമായ് മനസ്സിലുണർന്നു

കാരുണ്യഹസ്തങ്ങളെത്തി നാലുദിക്കിൽനിന്നു-
മഹാരമായ് വസ്ത്രമായ് അവശ്യവസ്തുക്കളായ്
അണപൊട്ടിയൊഴികിയ സാഞ്ചനസ്പർശത്താ
ലുൾകരുത്തേകി പ്രതീക്ഷ നൽകി

## ഉപാസന

ആശ്രയാമാറ്റൊരീ സോദരങ്ങൾക്കായി

രാഷ്ട്രീയചർച്ചകൾമാറ്റവെച്ച്
ജീവന്റെ ദീതരായ് വഴികാട്ടിയായ്
രക്ഷാ പ്രവർത്തനം സുഗമമാക്കിയൊരീ
മാധ്യമലോകത്തെ മാനിച്ചീടാം
അവർ ചെയ്ത സേവനം ധന്യമല്ലോ




ഭയലേശമില്ലാതെയോടിയെത്തി
കടലിന്റെ മക്കളീ പ്രളയനാട്ടിൽ
കാരിണ്യഹസ്തങ്ങളെകിയല്ലോ
മണ്ണോടിചേർന്നവർ പടികളായ്മാറി
പ്രതീക്ഷയറ്റൊരീ ജനതതിക്കായ്
അനന്തവിഹായസ്സിൽനിനിന്നുമിവടെ
കാരുണ്യവർഷം പൊഴിഞ്ഞുവല്ലോ
പുതുജീവനെകുവാൻ തണിറങ്ങി
വ്യോമസേനാംഗങ്ങളെ വന്ദിച്ചിടാം
ഉണമില്ലയെന്ന കരുതിടുന്ന

## ഉപാസന

യുവജനങ്ങൾ നൽകി മാതൃകകൾ

രാപ്പകലില്ലാതെ വിശ്രമമില്ലാതെ

മാത്സര്യബുദ്ധിയോടവരണഞ്ഞു

സാന്ത്വനസ്പർശമായ് രക്ഷകരായ്

നാവകേരളം തീർക്കാൻ യത്നിച്ചീടും



ഏവരെയും നമുക്കാദരിക്കാം

ജാതിവൈരങ്ങളും പകപ്പോക്കലും മറ-

ന്നയിരേകിടാം വരുംതലമുറയ്ക്കായ്

നല്ലോരു നാളേയ്ക്കകായി പ്രാർത്ഥിച്ചിടാം .

***-ജിതിൻ ജെ ചെമ്മോത്ത്***

# എന്റെ ആലപ്പുഴ

*വർണ്ണന*



അറബിക്കടലിന്റെ അലമാലകളും വേമ്പനാട്ടുകായലിന്റെ കുഞ്ഞോളങ്ങളും തഴുകിയുണർത്തുന്ന പച്ചപട്ടുവിരഹരിച്ച വയലേലകൾ ഹരിതാഭ ചാർത്തുന്ന കേരനിരകൾ കേളിയാടുന്ന വഞ്ചിപാട്ടിന്റെ ഈരടികൾ അലയടിക്കുന്ന കൊയ്ത്തുപാട്ടിന്റെ നാടൻ ശീലുകൾ താളം പിടിക്കുന്ന കയർറാട്ടുകളുടെ കരകരാശബ്ദമുയരുന്ന വിശ്വവിഖ്യാതരായി സാഹിത്യകാരന്മാർക്കും സംഗീതജ്ഞർക്കും കലാകാരൻ മാർക്കും ജന്മം നൽകിയ മതസൗഹാർദ്ദത്തിന്റെ ശാന്തിമന്ത്രമുയരുന്ന രാഷ്ട്രീയവിചക്ഷണന്മാരെ പോറ്റിവളർത്തിയ സ്വാതന്ത്ര്യത്തിന്റെ രണഭേരികൾ മുഴങ്ങിയ വിദേശവ്യാപാരത്തിന്റെ സിരാകേന്ദ്രമായിരുന്ന കടലിന്റെ മക്കളുടെ കരഘോഷമുയരരുന്ന കുഞ്ചനും കരുമാടികുട്ടനമൊക്കെ ചരിത്രം സൃഷ്ടിച്ച സ്വദേശിയരും വിദേശിയരുമായ സഞ്ചാരികൾ ഒഴുകിയെത്തുന്ന കിഴക്കിന്റെ



വെനീസെന്ന അപരനാമത്താൽ പ്രസിദ്ധമായ ചീനവലകൾ കണിയൊഴുകുന്ന ഉത്സവങ്ങൾ നാടുണർത്തുന്ന അസ്തമ സൂര്യൻ ചാരുത ചാർത്തുന്ന പുണ്യഭൂമി..... **അതാണെന്റെ ആലപ്പുഴ**

**-അതുല്യ**

# ഞാൻ മേശ

**അറബികഥ**





ഞാൻ മേശ നിങ്ങൾക്കേവർക്കും ഒരുപാട് ഉപയോഗമുള്ള എന്റെ ചരിത്രത്തെക്കുറിച്ച് നിങ്ങക്കാർകെങ്കിലും അറിയാമോ?ഞാൻ ഇവിടെയായിട്ടുതന്നെ എത്രയോ വർഷങ്ങളായി എത്രസയോ അദ്ധ്യാപകർ എന്നെ ഉപയോഗിച്ച എന്റെ ജന്മം എവിടെയായിരുന്നുവെന്ന് നിങ്ങക്കറിയാമോ ? പണ്ട് പണ്ട് അങ്ഘ് കാട്ടിൽ ഒരു അരുവിയുടെ തീരത്തായിരുന്നു എന്റെ വാസം മറ്റനേകം മരങ്ങളും ചെടികളും വിവിധയിനം ജീവികളും ഒക്കെ അവിടെ ഉണ്ടായിരുന്നു എന്തു രസമായിരുന്നു ആ കാലം

അങ്ങനെയിരിക്കെ ഒരു ദിവസം കുറച്ച മനുഷ്യർ വലിയ വടങ്ങളും വാളുകളും കോടാലിയുമൊക്കയായി അവിടെയെത്തി അവർ വന്നതിന്റെ ലക്ഷ്യം ആദ്യം ഞങ്ങൾക്കു മനസ്സിലായില്ല പിന്നീട് നടന്നതൊന്നും പറയേണ്ടതിലല്ലോ ? ഞങ്ങൾ വലിയ മരങ്ങളെ ഒരോരുത്തരായി വെട്ടി വെട്ടി വീഴ്ത്തി . പലർ ചേർന്ന് ഞങ്ങളെ ഒരു ലോറിയിൽ കയറ്റി . ഈ നാട്ടിലെ ഒരു മില്ലിൽ എത്തിച്ച . പലകഷ്ണങ്ങളാക്കി മുറിച്ച അപ്പോഴൊക്കെ എനിക്ക് ഒരുപാട് വേദനിക്കുന്നുണ്ടായിരുന്നു . പിന്നീട് അവർ പലകകൾ ഉപയോഗിച്ച എന്നെപ്പൊലുള്ള അനേകം ഉപകപരണങ്ങൾ ഉണ്ടാക്കി അനേക വർ ഷങ്ങളായി നിങ്ങളുടെ ടീച്ചർമാർ ഉപയോഗികുന്ന എനിക്ക് ഈ സ്കൂളിനെക്കുറച്ച് ഇവിടെ പഠിപ്പിച്ച അദ്ധ്യാപകരെക്കുറിച്ചും പഠിച്ച കുട്ടികളെ കുറിച്ചും ഒരുപാട് കാരായങ്ങൾ

## ഉപാസന

പറയാനുണ്ട് അതൊക്കെ വിവരിക്കാൻ ശ്രമിച്ചാൽ.ഒരുപാട് സമയം വേണ്ടിവരും

അതുകൊണ്ട് അതിലേക്കു ഞാൻ വരുന്നില്ല.....   *-അഫ്റ സുനീർ*



# സദാചാരമുല്യങ്ങളും അധുനികതലമുറയും

ലേഖനം




ഒരു വ്യക്തിയുടെ അത്മീയവും മാനസികവും സാമൂഹികവുമായ തലങ്ങളാണ് അവന്റെയുള്ളിലെ പിന്നീട്ടടനീളം നമ്മെ മുന്നോട്ട നയിക്കുന്നത് ഇവ നമ്മുക്ക് പകർന്നു നൽകുന്നതാവട്ടെ നമ്മുടെ മാതാപിതാക്കളിൽനിന്നും നാം ജീവിക്കുന്ന സമൂഹത്തിലും നിന്നുമാണ് ഒരു സമൂഹികജീവിയായ മനുഷ്യന് നിലനില്ക്കണമെങ്കിൽ അവനെ തനിക്കു ചുറ്റുമുള്ള സഭാചാരമൂല്യങ്ങൾ താദാത്മ്യപ്പെടുത്തണം . സമൂഹം എന്നു പറയുന്ന വസ്തു ധാരാളം നിയമങ്ങളാലും ചട്ടങ്ങളാലും ബന്ധിക്കപ്പെട്ടിരിക്കുന്ന ഒന്നാണ് സദാചാരമെന്നത് ചില നിയമങ്ങളുടെ കുട്ടായ്മയാണ് .സദാചാരബോധം സമുഹത്തിൽ നിലനിന്നു പൊകുവാൻ ഈ നിയമങ്ങൾ അവശ്യമാണ് സനുഹത്തിൽ ഒരു വ്യക്തിയുടെ സ്വഭാവം ഏങ്ങനയായിരിക്കണമെന്ന് തീരുമാനിക്കുന്നതും സദാചാരമെന്ന എന്ന വസ്തുതയാൽ നിർമ്മിതമായ ഈ നിയമങ്ങളാണ് . ഇവിടെയാണ് നാം മേലേ പറഞ്ഞ മുല്യങ്ങൾ പ്രതിധ്വനിക്കുന്നത് മറ്റുള്ളവരെ ബഹുമാനിക്കു സദാചാരമൂല്യങ്ങളിൽ ഉൾപ്പെടുന്നു.

## ഉപാസന

എന്നാൽ ഇന്ന് മേൽപ്പറഞ്ഞ മൂല്യങ്ങൾ ഇല്ലാതായികൊണ്ടിരിക്കുന്നു .

മതം,ജാതി,കുടുംബം ഇവയെല്ലാം സമൂഹത്തിലെ ഒരോ സ്ഥാപനങ്ങളാണ് സദാചാരബോധം അതിന്റെ പൂർണ്ണതയൊടെ നിലനിർത്തുവാൻ പലപ്പോഴും ഈ സ്ഥാപനങ്ങൾക്ക് ഒന്നും തന്നെ സാധിക്കില്ല. ജനങ്ങൾക്ക് മുൻപിൽ ശക്തമായ സദാചാര നിയമങ്ങൾ അടിച്ചേൽപ്പിച്ചത് ഒന്നുകൊണ്ടുമ്ത്രം മൂല്യങ്ങളെ തിരിച്ചുപിടിക്കാൻ സാധിക്കുകയില്ല അങ്ങനെയെങ്കിൽ ഇന്ത്യയിലെ പല നിയമങ്ങൾ വഴി പല കുറ്റകൃത്യങ്ങളും നമുക്ക് തടയാമായിരിക്കും ഇന്നത്തെ സമൂഹത്തിൽ പലർക്കും സത്യസന്ധത , വിശ്വാസം , ക്ഷമാശീലം പരസ്പര ബഹുമാനം പൊലെയുള്ള മൂല്യങ്ങൾ നഷ്ടമായിരിക്കുന്നു

സ്വന്തം താല്പര്യങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തുന്ന ഒരു ജനതയായി നാം മാറിയിരിക്കുന്നു . സദാചാര മൂല്യങ്ങൾ നിലനിൽക്കുന്നുണ്ട് എന്നു നമ്മെ ബോധ്യപ്പെടുത്തുവാനായി അരങ്ങേറുന്ന സംഭവങ്ങൾ ഇന്ന് വെറും പ്രഹസനങ്ങളായി മാറുന്നു . സത്യസന്ധതയ്ക്കും മനുഷ്യത്തിനുമൊന്നും നാം ഒരു വിലയും കല്പ്പിക്കുന്നി . ജീവിതം , വിജയങ്ങളുടെ കോട്ടുമുടികൾ കീഴടക്കാൻ മാത്രമല്ല മറിച്ച മാനുഷിക മൂല്യങ്ങളെ ഉൽക്കൊള്ളാൻ കുടിയുള്ളതാണ് .

“Try not to become a person of success
but rather try to become a person of value”

എന്നെ ഐൻസ്റ്റിന്റെ വാക്കുകൾ ഇവിടെ വളരെ പ്രസക്തമാണ് . തൊട്ടതെല്ലാം പൊന്നാക്കുന്ന യന്ത്ര പാവയാകാതെ സദാചാരമൂല്യങ്ങളെ കാവലാളായി സംരക്ഷകരായി മാറുവാൻ നമുക്ക് ഓരോരുത്തർക്കും ശ്രമിക്കാം .

-*ക്രിസ്റ്റിൻ അലക്സ്*

# പ്രളയം

## അനുഭവക്കുറിപ്പ്

ഇന്നെവരെ ഏറ്റിവാങ്ങാത്ത ദുരന്തമുഖത്താണ് കേരളം . പ്രകൃതിയുടെ രൗദ്രത എന്തെന്ന് കടലിരമ്പം പോലെ അനുഭവപ്പെട്ട ദുർനിമിഷങ്ങൾ. സഹജീവികളുടെ കാരുണ്യം , സ്നേഹം , ധീരത ഇവ എന്തെന്ന് ഹൃത്തടത്തിലേക്ക് ശാന്ത നദിപോലെ ഒഴുകിയെത്തുന്ന അസുലഭനിമിഷങ്ങൾ എവിടെയും


കട്ടപിടിച്ച മൂകത മാത്രം.ഏതു വാചാലതയിലും ഭീതിയുടെ കുത്തൊഴുക്ക് മാത്രം.

കാരുണ്യലേശമന്യേ, പകയോടെ പ്രളയജലം എല്ലാം വിഴുങ്ങുമ്പോൾ തടയാൻ എത്രയോ മനുഷ്യർ , ജീവൻ നഷ്ടപ്പെട്ടവർ ,കാണാതായവർ ,ജീവിത കാലം മുഴുവൻ വിയർപ്പിലും ചോരയിലും കെട്ടിപ്പൊക്കിയ വീടുകളും സ്വരുക്കൂട്ടിയ

സമ്പാദ്യവുമെല്ലാം നിമിഷനേരം കൊണ്ട് വെള്ളം പോകുന്നതിന് നിറകണ്ണുകളോടെ സാക്ഷ്യം നിന്നവർ ...........1924-ലെ പ്രളയം ഇതിലും വലുതാണോ? അറിയില്ല.അനുഭവമില്ല. ഇടറാതെ പതറാതെ . പ്രളയത്തിന്റെ പാർശ്വഫലങ്ങൾ ഇതിലും ഭീതിദമാണ്.ഒന്നിക്കാം,നമുക്ക്. രണ്ടാം ലോകയുദ്ധത്തിൽ തകർന്ന ജപ്പാൻ തിരിച്ചു വന്നില്ലേ? വരും നാമും തിരിച്ചുവരും.കൈ കോർക്കാം ,കൈത്താങ്ങാം ഈ ഉയർപ്പിനു വേണ്ടി.



- ഷഹാന ഹാഷിം



# കടലിന്റെ മക്കൾ

# മനസ്സിനു കണിയായ്

**23.03.2019** **ഡയറിക്കുറിപ്പ്**



പ്രകൃതി ഇന്നു കൂടുതൽ മനോഹരിയായതുപോലെ തോന്നി. ഓരോ ദിവസവും പുതിയതായി എന്തെങ്കിലും പ്രകൃതി നമുക്കു സമ്മാനിക്കുന്നു. കുറച്ചു വർഷങ്ങൾക്കു മുൻപ് പരിസ്ഥിതിദിനത്തിൽ ഏട്ടൻ നട്ട കണിക്കൊന്നപ്പൂക്കൾ. വർഷങ്ങളായി കാത്തിരുന്ന എന്റെ കണ്ണുകൾക്കു കുളിർമയെകുന്നു ഡോ. അയ്യപ്പണിക്കരുടെ പൂക്കാതിരിക്കാനെനിക്കാവില്ലേ എന്ന കണിക്കൊന്നയെ കുറിച്ചുള്ള കവിത ഈ വർഷാദ്യം ഞാൻ പഠിച്ചു ഇപ്പോൾ ഈ മനോഹര കാഴ്ചയിൽ ലയിച്ച എന്റെ ഹൃദയതന്തികൾ ആ കവിത സപ്തസ്വരങ്ങൾ മീട്ടുന്നുവോ എന്നു തോന്നുന്നു. അടഞ്ഞ കമ്പ്യൂട്ടർ മുറയിൽ,ടീച്ചർ ഞങ്ങൾക്ക് ഇട്ടുതന്ന സി.ഡി യിൽ നിന്ന് ഉയർന്ന് വന്ന ആ കവിതയുടെ , താളാത്മകത ഇപ്പോഴും എന്റെ ചെവിയിൽ പ്രതിധ്യനിക്കുന്നു. സ്വപ്നങ്ഹളുടെ വിഷുപുലരിയിൽ ജനലക്ഷങ്ങൾക്ക് പ്രത്യാശയുടെ കണിയായി , മഞ്ഞപ്പൂക്കൾ വിടർന്നു നിൽക്കുന്ന കമിക്കൊന്ന ആ മനോഹര കവിഭാവനയിൽ എന്റെ മനസ്സു ലയിക്കുന്നു . എവിടെയൊ ഇരുന്നു വിഷുപക്ഷി പാടുന്നു. ചൂടിൽ നാട്ടുരുകിത്തീരുന്നു . ഇലകൽ കൊഴിഞ്ഞ മരങ്ങൾ നെടുവീർപ്പെടുന്നു . അപ്പോഴും പ്രത്യാശയുടെ പൂക്കൾ നിറച്ച് മനുഷ്യധർമ്മത്തെ ഒർമ്മപ്പെടുത്തിക്കൊണ്ട് മനുനനന്മയ്ക്കായി എന്റെ കണിക്കൊന്ന പൂത്തുലഞ്ഞുനിൽക്കുന്നു.ഇപ്പോൾ ഈ രാത്രിയിൽ പുഞ്ചിരിക്കുന്ന നക്ഷത്രങ്ങളോടൊപ്പം മഞ്ഞുപ്പുടവ അണിഞ്ഞുനിൽക്കുന്ന കൊന്ന പൂക്കളെ കാണാൻ വീണ്ടും എന്റെ മനസ്സ് വെമ്പൽ കൊള്ളുന്നു അതൊടൊപ്പം ഈ മനോഹരപ്രകൃതിയെ സംരക്ഷിക്കുവാൻ കടമയുണ്ടെന്ന് ചിന്തയും എന്റെ മനസ്സിനെ ഓർമ്മപ്പെടുത്തുന്നു . –

**–ഹേമന്ത്കൃഷ്ണ കെ.എ**

# പഠിക്കാം ആരോഗ്യത്തോടെ

## ആരോഗ്യ ശീലങ്ങൾ




- നല്ല ചിന്തകളോടെ ഉണരുക.നല്ലൊരു ദിവസമായിരിക്കുമെന്ന ആത്മവിശ്വാസത്തോടെയാവട്ടെ ദിവസത്തിന്റെ തുടക്കം.
- നേരത്തെ ഉണർന്ന് ശീലിക്കുക. സമയബന്ധിതമായ ശീലങ്ങളും അത് നിങ്ങൾക്കുള്ളിൽ സൃഷ്ടിക്കുന്ന ബയോളജിക്കൽ ക്ലോക്കും ജീവിതത്തിനുതന്നെ അടക്കവും ചിട്ടയും പകരും.
- പ്രഭാതഭക്ഷണം ഒരു കാരണവശാലും ഒഴിവാക്കരുത് .
- അധ്യാപകരോടും അച്ഛനമ്മമാരോടും അടുപ്പം സൂക്ഷിക്കുക.

## ഉപാസന

- ഇടയ്ക്ക് കഴിക്കാനുള്ള ലഘുഭക്ഷണവും ഉച്ചഭക്ഷണവും ബേക്കറി പലഹാരങ്ങളും ജങ്ക് ഫുഡും ആവണമെന്ന നിർബന്ധം വേണ്ട .പോഷകപ്രദമായ ഭക്ഷണം കഴിക്കാൻ ശ്രദ്ധിക്കുക ആരോഗ്യമുള്ള ശരീരം വിജയത്തിന് ഓഴച്ച കൊടുക്കാനാവാത്തതാണ്.
- മൊബൈൽ ഫോൺ,ടാബ്,ടി.വി, എന്നിവയ്ക്ക് സമയപരിധി ളുരുമാനിക്കാം. ഒഴിവുനേരത്തിൽ ചെറിയൊരു ഭാഗം മാത്രമാണ് അവയ്ക്കായി നൽകേണ്ടത്.
- ശാരീരികമായ അസ്വസ്ഥതകളോ ആശങ്കകളോ ഉണ്ടെങ്കിൽ രക്ഷിതാക്കളോടോ അധ്യാപകരോടോ ആദ്യം പങ്കുവയ്ക്കാൻ ശ്രദ്ധിക്കുക

*-എബി വർഗ്ഗീസ്*









# മണ്ണാത്തിപ്പുള്ള്

## പക്ഷി പരിചയം



പട്ടണത്തിൽ പോലും സർവ്വ സാധാരണവും , അഴകുകൊണ്ടും സ്വഭാവം കൊണ്ടും നമ്മേ ആകർഷിക്കുന്നതുമായ പക്ഷിയാണ് മണ്ണാത്തിപ്പുള്ള് . ഒരു ബുൾബുളോളം വലുപ്പമുള്ള ഈ പക്ഷിയുടെ ദേഹത്തിൽ കറുപ്പും വെള്ളയും തെളിഞ്ഞു ശോഭിക്കുന്നു. ചിറകിലുള്ള വെള്ളപ്പട്ട തെളിഞ്ഞു കാണാം.മിക്കസമയത്തും വാലുയർത്തിയാണ് പിടിച്ചിരിക്കുക . ചുട്ടുപഴുത്ത വെയിലിലിൽണാത്തിയുടെ ഛായയാണ് പക്ഷിക്ക് . ഈ പക്ഷിക്ക് നല്ല സംഗീത പാടവമുണ്ട്

ഇവ മറ്റു പക്ഷികളുടെ ശബ്ദം അനുകരിക്കാറുണ്ട്. ക്രിമികളും പ്രാണികളുമാണ് പ്രധാന ഭക്ഷമം . മണ്ണാത്തി പുള്ള് കൂട്കെട്ടുന്നതിന് ഇരുണ്ട മാളങ്ങൾ ഉപയോഗിക്കുന്നു. നേർത്ത പൂത നിറത്തിലുള്ള ചുവന്ന പൊട്ടുകളുള്ള മുട്ടയാണ് ഈ പക്ഷിയുടേത്

- *ആദർഷ്മോൻ. യു*

# ബഷീർ എന്ന ബല്യ ഒന്ന്

## അസ്വാദനക്കുറിപ്പ്


മലയാളത്തിലെ പ്രസിദ്ധനായ കവിയും അധ്യാപകനുമാണ് വിഷ്ണു നാരായണൻ നമ്പൂതിരി, അദ്ദേഹത്തിന്റെ വൈഷ്ണവം എന്ന കാവ്യ സമാഹാരത്തിൽ നിന്നു എടുത്ത ഒരു കവിതയാണ് ബഷീർ എന്ന ബല്യ ഒന്ന് എന്നീ നിലകളിൽ മലയാളസാഹിത്യത്തിൽ ഒരു മികച്ച കഥാപ്രപഞ്ചം സൃ ഷ്ടിച്ചെടുത്ത സാഹിത്യകാരനാണ് വൈക്കം മുഹമ്മദ് ബഷീർ.

ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലാണ് അദ്ദേഹം അറിയപ്പെടുന്നത് . ബഷീറും വിഷ്ണു നാരായണൻ നമ്പൂതിരിയും തമ്മിതുള്ള അഗാധമായ സ്നേഹബന്ധം വെളിപ്പെടുത്തുക കവിതയാണ് ബഷീർ എന്ന ബല്യ ഒന്ന്

പ്രസിദ്ധ കവിയായ എൻ . എൻ. കക്കാട് രോഗബാധിതനായി അശുപത്രിയിൽ കിടക്കുമ്പോൾ അദ്ദേഹത്തെ സന്ദർശിക്കാനെത്തിയ ബഷീറിനെ അശുപത്രിയിൽവെച്ച് വിഷ്ണു നാരായൻ നമ്പൂതിരിയും കുടുംബവും കണ്ടുമുട്ടുന്നു. ബഷീറിനെ കണപ്പോൾ വിഷ്ണു നാരായണന്റെ കൊച്ചുമക്കൾ ഒടിച്ചെന്നു കെട്ടിപ്പിടിക്കുകയും കളിതമാശകൾ പറയുകയും ചെയ്തു. ബഷീർ കുഞ്ഞിന്റെ കയ്യിൽ പിടിച്ച് മടിയിൽ കയറ്റി ഇരുത്തി, കൊച്ചികുഞ്ഞുങ്ങളെ പോലെ ,കളിക്കുകയും ചിരിക്കുടയും ചെയ്തു .അപ്പോൾ കുഞ്ഞ് ദേഹത്ത് മൂത്രമൊഴിക്കാൻ ഇടയുണ്ടെന്നു നമ്പൂടിരി ചൂണ്ടികാണിച്ചു അവൾ മിടുക്കിയാണെന്നും എന്റെ മടിയിൽ ഒഴിക്കുന്ന മൂത്രം

തീർത്ഥജലം  പോലെയാണെന്നും ബഷീർ മറുപടി പറഞ്ഞു ബഷീറിന്റെ സരസവും സ്നേഹമസൃണവുമായ മറുപടി നമ്പൂതിരിക്ക് വളരെ ഇഷ്ട്ടപ്പെട്ടു .

ഒന്നും ഒന്നും രണ്ട് എന്ന ഗണിതശാസ്ത്രത്തിലെ തത്വം തകിടം മറിച്ചത് ബഷീറിന്റെ  "പാത്തുമ്മയുടെ ആട് " എന്ന നോവലിലെ മജീദാണ് ഒന്നും ഒന്നും എത്രയാണെന്നുള്ള കണക്കദ്ധ്യാപകന്റെ ചോദ്യത്തിനുത്തരമായി ഒന്നും ഒന്നും ഇത്തിരി ബല്യ ഒന്നാണ് എന്നാണ് മജീദ് ഉത്തരം പറഞ്ഞത് വ്യത്യസ്തവും  വികൃതവും ആയ ഉത്തരം കേട്ട് ദേഷ്യം വന്ന അധ്യാപകൻ മജീദിനെ പൊതിരെ തല്ലി.എന്ത്കൊണ്ട്  ഇങ്ങനെ ഉത്തരം പറഞ്ഞതെന്ന അധ്യാപകൻ മജീദിനെ



പൊതിരെ തല്ലി  എന്തുകൊണ്ടാണ് ഇങ്ങനെ ഉത്തരം പറഞ്ഞതെന്ന അദ്യാപകന്റെ മജീദ് പറഞ്ഞ തത്വം ഇതായിരുന്നു രണ്ടുപുഴകൾ ഒഴുകി ഒന്നുചേരുമ്പോൾ ഒരു വലിയ പുഴയാകുന്നു. അനേകം പുഴകൾ ചേർന്ന് കടലുണ്ടാകുന്നു എന്ന തത്വചിന്തകേട്ട്  കണക്കധ്യാപകൻ നിശ്ശബ്ദനായി തലകുനിച്ചു .

വൈക്കം മുഹമ്മാദ് ബഷീറിന്റെ  വലിയൊരു ദാർശനിക ചിന്തയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് . ജാതി,മതം,വർഗം,വർണം,രൂപം എന്നിവ വ്യത്യസ്തമാണെങ്കിലും നാം എല്ലാം ഒന്നാണെന്ന് ഉള്ള മഹനീയ സന്ദേശം  ഈ കവിതയിലൂടെ അദ്ദേഹം നമ്മുക്ക് നൽകുന്നു.

*മരിയാ റാണി ഫിലിപ്പ്*




# പ്രകൃതിയെ സംരക്ഷിക്കുക

# അർച്ചനപ്പൂക്കൾ

*ഗണിതകവിത*



സുപ്രസിദ്ധ ഗണിത ശാസ്ത്രജ്ഞനായ ഭാസ്കരാചാര്യരുടെ ലീലാവതി എന്ന പുസ്തകത്തിലെ ഒരു പ്രശ്നമാണ് അർച്ചനപ്പൂക്കൾ ഇതിലെ എല്ലാ പ്രശ്നങ്ങളും സംസ്കൃത ശ്ലോഹത്തിലാണുള്ളത് . ചോദ്യത്തിന്റെ മലയാള രൂപാന്തരം ഇങ്ങനെ

നിർമ്മലമാം താമരപ്പൂക്കൾ

പറിച്ചെടുത്തുടാസകൻ

നാലിലൊന്ന് ഭാഗത്താൽ

ഭഗവതി പാതങ്ങലർപ്പിച്ചും

മൂന്നിലൊന്നായി ശിവനേയും

അഞ്ചിലൊന്നായി വിഷ്ണുവെയും

## ഉപാസന

അറിലൊന്നി സൂര്യതേജസ്സി


നേയും പൂവിട്ടു പൂജിച്ചു .

ശേഷിച്ച പൂക്കളാറും വന്ദ്യനാം

ഗുരുപാതങ്ങളിലർപ്പിതം

പറയണം നിങ്ങളിമാക്രയിൽ

പറിച്ച പൂക്കളാകെയെത്ര



ഉത്തരം

ഒരു ഇഷ്ട സംഖ്യയെടുക്കുന്നു. അത് ഒന്ന് എന്ന് സങ്കൽപ്പിക്കാം ശേഷിച്ച താമരപ്പൂക്കൾ =1-[1/4+1/3+1/5+1/6]

=1-57/60=3/60=1/20

അകെയുള്ള താമരപ്പൂക്കളിൽ 1/20 ഭാഗമാണ് 6

ഉപാസകന്റെ കൈയിലെ ആകെ പൂക്കൾ =20x6=120

– *ഗൗതം കൃഷ്ണ എസ്*

# ഓഖീ......

കവിത



ഓ......ഓഖീ എന്തിനായ് വന്നു നീ ?

കടലമ്മ കാക്കുന്ന മക്കളെ കൊല്ലാനോ ?

ഇത്രയും ക്രൂരത കാട്ടിക്കാൻ നീയിത്ര

നിന്ദ്യമാം വേഷമെടുത്തതെന്തേ

'ഓഖീ' എന്ന വാക്കിനർഥം തന്നെ

'കണ്ണേ' ന്നു വായിച്ചതോർക്കുന്നു ഞാനിന്നും

## ഉപാസന

എന്നാൽ കണ്ണിൽച്ചോരയില്ലാത്ത പോലെ

നീ പാരം വിഴുങ്ങിയേറെ ജീവിതങ്ങൾ

അച്ഛനില്ലാത്തവർ ആലംബമില്ലാത്തോ-

രൊട്ടേറെയുണ്ടിന്നാ തീരങ്ങളിൽ

കണ്ണീരൊണങ്ങത്തോർ കാത്തിരിക്കുന്നവർ-

ക്കെന്തുത്തരം നിനക്കുണ്ടുപോലും

ഹാ.! കഷ്ടമെന്നുവിലപിച്ച മാലോകർ

അക്കലയങ്ങു മറന്നു തുടങ്ങിയോ ?

ദുഃഖകഥയൊന്നുമോർമ്മയിൽ സൂക്ഷി

ക്കാൻ അത്ര പണിപ്പെടാറില്ലൊരു മൂഴിയിൽ

*-സോന ബോബൻ*

# മുദ്രാഗീതം

കവിത

അമൂല്യമാണെന്നറിവുണ്ട്

ജീവൻ തന്നെയതെന്നോർത്താൽ

പാഴാക്കിടാതൊരുള്ളി

നാളേയ്ക്കായി കരുതീടാം





ഇനിയൊരു യദ്ധം ഉണ്ടായാൽ

കാരണമതിനിതു ദാഹജലം

പ്രകൃതി നൽകും വരദാനം

മറന്നിടല്ലേ മാളോരെ .

– റിയാഗോപൻ

# കാറ്റിന്റെ നാദം

കവിത



കാറ്റേ നിൻ നാദം കാതിനിമ്പമേകുന്ന
കുളിരുന്ന ഞങ്ങൾ നിൻ തലോടലിൽ
നിനക്കു താളം തെറ്റുമ്പോഴാണോ
കൊടുങ്കാറ്റായി വീശുന്നത് ?

നീ മേഘവുമായി വന്ന് ഞങ്ങളെ
വർഷധാരയിൽ കുളിർപ്പിക്കുമ്പോൾ
നീ ഏകും ജീവൻ ഞങ്ങളുടെ ജീവനാണ്
ദൂരത്തു  നിന്നും പനിനീർപ്പൂവിൽ
ചാരത്തണയ്ക്കുന്ന നീ

ദുഃഖത്തിൻ ദുർഗന്ധവും നീ തന്നെ നൽകുന്നു
ജീവന്റെ ശ്വാസമായി എങ്ങും നിറയുന്ന നീ
നീയില്ലെങ്കിൽ മഴയില്ല, സുഖമില്ല തണുപ്പില്ല
നീയില്ലെങ്കിൽ ഞങ്ങളില്ല
നിശ്ചലമായി നിലകൊള്ളുമിപ്രപഞ്ചം

*- ഗൗതം കൃഷ്ണ അരുൺ*

# കിനാവ്

കവിത



കനവിന്റെ മടിതട്ടിൽ
കിനാവിനെ താലോലിച്ച്
കതിരോളം കപ്പലിലൂടെ
കുളിരലകളുടെ ആ കുളിരിമ
എന്നെ വല്ലാതെ കുളിരണിയിച്ചു

അഗ്രഹങ്ങൾ അഗ്രഹിക്കാനുള്ളതാണ്
നേട്ടങ്ങൾ നേടാനുള്ളതാണ്
പിരിയുമ്പോൾ പിരിയുന്ന മനസ്സിനെ
ഇണചേർക്കാൻ സ്നേഹിതർക്കാവും

അണയുന്ന തിരിയും കത്തി ജ്വലിക്കുന്ന തിരിയും
രണ്ട് സ്നേഹ നിമിഷങ്ങൾ മാത്രം
കത്തി ജ്വലിച്ച് പ്രകാശം ചൊരിയുമ്പോൾ ആ
നിറദീപത്തെ വിലമതിക്കാനാവില്ല
പെട്ടെന്ന് അണഞ്ഞു പോകുന്ന നിറദീപത്തെ
ഒരിക്കലും വിലമതിക്കാതിരിക്കാനാവില്ല

## *ഉപാസന*

അയുസ്സ് ലഭിക്കാനാഗ്രഹിക്കരുത്

ലഭിക്കുന്ന ആയുസ്സിലൂടെ മരിക്കാതെ

ജീവിക്കാനുള്ള അയുസ്സ് ആർജ്ജിക്കുന്നു

ജീവിതം ഇങ്ങനെ......

പ്രതീക്ഷിക്കിന്നതും അഗ്രഹിക്കുന്നതും

മാത്രമാണ് ജീവിതമെങ്കിൽ അത്


പൂർണ്ണമാകുന്നില്ല .....

അപ്രതീക്ഷിത നിമിഷങ്ങൾ

അണിചേർന്ന്

ജീവിതം ഇങ്ങനെ ജ്വലിച്ചും മങ്ങിയും

തിരിയെ സന്തോഷിപ്പിക്കും





മിഴിനനയുന്ന ജീവിതത്തിനും

നോവറിയുന്ന ജീവിതത്തിനും

മണ്ണിൽ അയുസ്സ് തിരുന്നില്ല

***–വർഷ .ബി***





# ENGLISH SECTION

# THE TRICOLOR

**POEM**

THE SAFFRON IS OUR STRENGTH
WHITE FOR TRUTHFULNESS
GREEN COLOUR IS FOR THE CROPS
THAT FILL OUR FIELDS IN FULNESS
AND THE CHAKRA IN THE CENTRE
TELL US NEVER TO STOP IN FEAR
MOTHER INDIA'S INVINCIBLE FLAG
SO, CLEAR TO US IT APPEARS





*– JOSEPH SHAJI*

# THE PRECIOUS GIFT

POEM

Friendship is wonderful
It is beautiful and fantastic
Friendship is valuable and lovable
Friendship is the gift of the
And inspire us to do good
so love and praise one another
So help and trust one another
with-out friendship,
everything in this world is blank
Friendship never ever ends
It is blessed by God and parents
It is special for all
Be a friend of mankind
And be God's friend forever



*AKHIL AJAYAN*

# The star of the day

STORY

Betty was a beautiful butterfly.One day she wake up to find that it was her birthday.Betty was happy.

She went wear a flower and brank sweet nectar from it.

A parrot , which had flown into the garden to pick up some small fruits saw the butterfly " You seem to be very happy today ". said the parrot.

"Yes . Ineed.Yoday is my birthday," said Betty . Happy Birthday,Betty.Wished the parrot . "Will you come to the park todayevening?" "Thank you" "But what is happening ?" "It's a surprize'' said the parrot .Then it flew away.In the evening ,lots of butterflies,honeybees,

beetles,sparrows and a couple

***-AJAY***



## My Teacher My light

**POEM**

“My Teacher is my light
She strives hard day by day
To make my future bright
And she is always right
And so ,I have a succes record
Our Teacher is our light
Enlightning our young minds
She asks us to aim at he height
That will make us really great”




*– SANDRA SONY*

## GLOBAL WARMING

**[RHYME]**

THE EARTH HAS BECOME SO HOT
LIKE A BURNING FIRE IN A POT
ICE BERGS ARE MELTING
SEA IS RISING
LAND ARE DROWNING
WEATHER IS CHANGING
THE ONLY WAY TO PREVENT THIS
IS TO TREAT NATURE WISELY EVERYDAY



*–HRIDHYA*

## FUN TIME

### JOKES




IT WAS THE TWO LITTLE BOYS FIRST VISIT TO THE SCIENCE MUSEUM .

THEY STOPPED IN FRONT OF A HEAVILY BANDAGED EGYPTIAN MUMMY THAT HAD A SIGN IN FRONT SAYING “BC 2219”.

FIRST BOY : WHAT DOES THAT MEAN ?

SECOND BOY : ‘I GUESS IT’S THE NUMBER OF THE CAR THAT KNOCKED HIM DOWN

2.A MISER WAS TAKING A RARE TAXI TRIP, AS HE HAD TO GET SOMEWHERE URGENTLY. SUDDENLY THE BRAKES FAILED .AND THE TAXI PLUNGED WILDLY INTO TRAFFIC .

DRIVER : I CAN’T STOP !

MISER : FOR HEAVEN’S SAKE , TURN OFF THE METER.

-*PARVATHY .M*

# THE ANT AND THE DOVE

**STORY**




ONCE THERE LIVED A DOVE . ONE DAY THE DOVE SAW AN ANT DROWNING IN WATER. " OH! I SHOULD HELP HER", THOUGHT THE DOVE THE DOVE DROPPED A LEAF INTO THE WATER.THE ANT SAW THE LEAF AND THE CRAWLED ON IT . THE ANT FLOATED TO SAFETY .THE ANT THANKED THE DOVE AND TWO BECAME GREAT FRIENDS .

- ***JIJO SEBATIAN***

# THE FOOLISH DOE

**FABLE**

A DOE ,WHICH WAS BLIND IN ONE EYE ,OFTEN GRAZED NEAR THE EDGE OF A CLIFF ,BELOW WHICH WAS THE SEA .THE DOE DID NOT EXPECT ANY DANGER FROM THE SEA AND SO SHE WOULD KEEP HER BLIND EYE FACING THE SEA AND TRAIN HER GOOD EYE TOWARDS THE LAND IN CASE SOME HUNTER OR HOUND SHOULD APPROACH .




SONE DAY AS SHE WAS GRAZING THUS ON THE EDGE OF THE CLIFF , A MAN ON A BOAT SAW HER GRAZING . HE TOOK OUT HIS GUN AND AIMED A SHOT AT HER.

THE DOE WAS BADLY WOUNDED . AS SHE LAY GASPING FOR BREATH , SHE REALIZED HOW FOOLISH SHE HAD BEEN TO THINK THAT THE SEA DID NOT POSE ANY DANGER

MORAL : TROUBLE COMES FROM THE DIRECTION WE LEAST EXPECT.

- ***SACHU REJI THOMAS***

# നന്ദിയുടെ നറുമലരുകൾ !!!!...

വിവരസാങ്കേതിക വിദ്യയിലൂടെ തത്തംപള്ളി സെന്റ് മൈക്കിൾസ് ഹൈസ്കൂളിലെ " ലിറ്റിൽ കൈറ്റ്സ്'' ആദ്യ മാഗസിൻ പൂർത്തിയാക്കിയിരിക്കുന്നു. കുട്ടികളുടെ ഭാവനയുണർത്തുന്ന സാഹിത്യരചനകളും പ്രകാശനമാണ് 'ജാലകം'. ഈ യത്നത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരും പ്രശംസ അർഹിക്കുന്നു. ഇതിലേക്ക് സാഹിത്യകൃതികൾ സംഭാവന ചെയ്തവരെയും മറ്റ് പിൻതുണ നല്കിയവരെയും നന്ദിയോടെ സ്മരിക്കുന്നു.